<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1392**</u> <u>**19-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-ൽ സംസ്ഥാനത്ത് എത്തിച്ചേർന്ന ആഭ്യന്തര/ വിദേശ വിനോദസഞ്ചാരികളുടെ വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ; | (എ) | 2023 ൽ സംസ്ഥാനത്ത് എത്തിച്ചേർന്ന ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 2,18,71,641ഉം വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 6,49,057 ഉം ആണ്. |
| (ബി) | വിനോദസഞ്ചാരികളുടെ വരവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം വളർച്ച കൈവരിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; | (ബി) | 2023 കലണ്ടർ വർഷത്തിലെ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2022 കലണ്ടർ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 15.92% വർദ്ധനവും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 87.83% വർദ്ധനവും ഉണ്ടായിട്ടുണ്ട്. വിനോദ സഞ്ചാരികളുടെ വരവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ചുള്ള വളർച്ചാ വ്യതിയാനത്തിന്റെ നിരക്ക് താഴെ ചേർക്കുന്നു. |
| (സി) | ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കാൻ നൂതനമായ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ആഭ്യന്തര/വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി വിവിധ പ്രചരണ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി റേഡിയോ, ടി.വി, അച്ചടി മാധ്യമങ്ങൾ, ഒ.ടി.ടി. പ്ലാറ്റ്ഫോം , സിനിമ ഹാൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തി വരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനായി എയർപോർട്ട്, ടെലിവിഷൻ, ഡിജിറ്റൽ വെബ് പോർട്ടൽ തുടങ്ങിയ മാധ്യമങ്ങളിലൂടെയും പ്രചാരണം നടത്തിവരുന്നു.<br><br>വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ഓൺലൈൻ നവമാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads, Google RCS തുടങ്ങിയവയിലൂടെ ഡൊമെസ്റ്റിക് സമ്മർ ഹോളിഡെ കാമ്പയിൻ എന്ന പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. നവ മാധ്യമങ്ങളായ Facebook, Instagram, Twitter, Youtube, Google Ads എന്നിവ മുഖേന മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

| വർഷം | ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാന നിരക്ക് (%) | വിദേശ വിനോദസഞ്ചാരികളുടെ എണ്ണം | മുൻ വർഷത്തെ അപേക്ഷിച്ചുള്ള വ്യതിയാന നിരക്ക് (%) |
|---|---|---|---|---|
| 2021 | 7537617 | 51.09 | 60487 | -82.25 |
| 2022 | 18867414 | 150.31 | 345549 | 471.28 |
| 2023 | 21871641 | 15.92 | 649057 | 87.83 |

സെക്ഷൻ ഓഫീസർ